Bishop George Rajendran sdb
Diocese of Thuckalay
ஆயர் சுற்றுமடல்
"With God all things are possible"
Bishop's House, P B No: 12,Thuckalay PO, Kanya kumari Dt- 629 175, Tamil Nadu, India

Circular Letter No/GR/62/2025

ഈശോമിശിഹായിൽ സ്നേഹം നിറഞ്ഞ വൈദികരെ, സന്യസ്തരേ, ദൈവജനമേ,

ജീവകാരുണ്യ പ്രവർത്തനങ്ങളുടെ മധ്യസ്ഥനായ വിശുദ്ധ വിൻസെൻറ് ഡി പോളിന്റെയും, വാഴ്ത്തപ്പെട്ട ഫെഡറിക് ഓസാനാമിന്റെയും തിരുനാളുകൾ ആഘോഷിക്കുന്ന ഈ വേളയിൽ എല്ലാ വിൻസൻറ് ഡി പോൾ പ്രവർത്തകർക്കും തിരുനാളിന്റെ മംഗളങ്ങൾ സ്നേഹത്തോടെ നേരുന്നു.

ക്രിസ്തു ജൂബിലി 2025 ആം ആണ്ടിലാണ് നാം ജീവിക്കുന്നത്. ഇത് നമുക്ക് ലഭിച്ച ഒരു സുവർണ്ണ അവസരമാണ്. " പ്രത്യാശയുടെ തീർത്ഥാടകർ"എന്ന മുഖ്യ പ്രമേയത്തെ ജീവിതത്തിൽ സ്വന്തമാക്കി തിരുസഭയോട് ചേർന്ന് നാം പ്രവർത്തിച്ചുവരുന്നു. ഈ ജൂബിലി വർഷത്തെ സവിശേഷമാക്കുവാൻ സെപ്റ്റംബർ മാസം ഏഴാം തീയതി ലിയോ പതിനാലാമൻ മാർപാപ്പ 2 യുവാക്കളെ വിശുദ്ധരായി പ്രഖ്യാപിച്ചു. എട്ടാം തീയതി പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനത്തിരുനാൾ നാം ആഘോഷിച്ചു. 9- തീയതി വിൻസെൻറ് ഡി പോൾ സ്ഥാപകനായ ഫെഡറിക് ഓസാനാമിന്റെയും, 27-തീയതി വിശുദ്ധ വിൻസെൻറ് ഡി പോളിന്റെയും തിരുനാളുകൾ നാം ആഘോഷിച്ചു. വിൻസെൻറ് ഡി പോള് സംഘടനയുടെ മധ്യസ്ഥന്റെ തിരുന്നാൾ ആഘോഷിക്കുന്ന ഈ അവസരത്തിൽ നിങ്ങളോടൊപ്പം ഞാനും സന്തോഷിക്കുന്നു.

ബൈബിളിൽ ലൂക്കായുടെ സുവിശേഷം പത്താം അധ്യായത്തിൽ നല്ല സമരിയക്കാരന്റെ ഉപമ നാം വായിക്കുന്നു. നല്ല സമരിയക്കാരൻ തൻറെ കാരുണ്യ പ്രവർത്തികളിലൂടെ നല്ല സമറായൻ എന്ന പദവിയിലേക്ക് ഉയർന്നത് പോലെ കാർലോ അക്യൂട്ടസ് എന്ന ചെറുപ്പക്കാരനും നാം ജീവിക്കുന്ന ഈ കാലഘട്ടത്തിൽ ജീവിച്ചിരുന്നതാണ്. 03-5-1991-ൽ ജനിച്ച അദ്ദേഹം 15 വർഷം മാത്രമേ ഈ ലോകത്തിൽ ജീവിച്ചുള്ളൂ എങ്കിലും പരിശുദ്ധ കന്യകാമറിയത്തോടും ദിവ്യകാരുണ്യത്തോടും ഉള്ള ഭക്തിയിൽ ജീവിച്ചു. ഇൻറർനെറ്റിലൂടെ ദിവ്യകാരുണ്യ ഭക്തി ലോകത്തെ അറിയിച്ച ഈ യുവാവ് ഇന്ന് വിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെട്ടിരിക്കുന്നു.

വിശുദ്ധ കാർലോയോട് ചേർന്ന് വിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെട്ട മറ്റൊരു ചെറുപ്പക്കാരൻ ആണ് വിശുദ്ധ പിയർ ജോർജിയോ ഫ്രസാത്തി. 24 വർഷം മാത്രമേ ഈ ലോകത്തിൽ ജീവിച്ചുള്ളൂ എങ്കിലും ദരിദ്രരിൽ ദൈവത്തെ കണ്ട്, കാരുണ്യ പ്രവർത്തികൾ ചെയ്ത ജീവിച്ച ഒരു വിശുദ്ധൻ. തൻറെ പതിനേഴാമത്തെ വയസ്സിൽ വിൻസെൻഷ്യൻ പ്രവർത്തകനായി ഈ സൊസൈറ്റിയിൽ അദ്ദേഹം പ്രവർത്തിച്ചിരുന്നു എന്നത് ശ്രദ്ധേയമാണ്.

1901 ഏപ്രിൽ ആറാം തീയതി തിങ്കളാഴ്ച ഇറ്റലിയിലെ ടൂറിനിൽ ഒരു സമ്പന്ന കുടുംബത്തിലാണ് അദ്ദേഹം ജനിച്ചത്. ചെറുപ്പം മുതലേ ദരിദ്രരെ സ്നേഹിക്കുകയും തനിക്കുള്ളത് മറ്റുള്ളവരുമായി പങ്കുവയ്ക്കുകയും ചെയ്തു. തന്റെ കാരുണ്യപ്രവർത്തികൾക്കായി ഇദ്ദേഹവും വിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെട്ടിരിക്കുകയാണ്. ഈ വിശുദ്ധന്റെ ജീവിതം കണ്ട് വിൻസൻറ് ഡി പോൾ പ്രവർത്തകർക്ക് കാരുണ്യ പ്രവർത്തികൾ ചെയ്യാൻ വീണ്ടും വീണ്ടും പ്രചോദനമേകും എന്നതിൽ സംശയമില്ല. നമ്മുടെ യുവജനങ്ങൾ ഈ വിശുദ്ധന്റെ ജീവിതം പിന്തുടർന്ന് നമ്മുടെ ഇടവകകളിലും, സമൂഹങ്ങളിലും ഒത്തൊരുമിച്ചു പ്രവർത്തിക്കുവാൻ ഞാൻ ആഹ്വാനം ചെയ്യുന്നു. ജീവകാരുണ്യ പ്രവർത്തനങ്ങളിലൂടെ മാത്രമേ തിരുസഭയെ കെട്ടിപ്പടുക്കാൻ കഴിയു. അതിനാൽ നമ്മുടെ ഇടവകകളിൽ ജീവകാരുണ്യ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തണം. ഈ സംഘടനയിൽ പ്രവർത്തിക്കാൻ സാധിക്കാത്തവർ സഹഅംഗങ്ങളായി ചേർന്ന് പ്രവർത്തിക്കണം. അംഗങ്ങൾ എടുത്ത വാഗ്ദാനത്തിന് അനുസൃതമായി വിശ്വസ്തതയോടും, സത്യസന്ധതയോടും, നീതിയോടും, മുൻവിധികൾ ഇല്ലാതെയും പ്രവർത്തിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. അതുപോലെ ചുമതലപ്പെട്ടവർ തങ്ങളുടെ ഉത്തരവാദിത്വം മനസ്സിലാക്കി ഇത് ദൈവവേലയാണ് എന്ന ബോധ്യത്തോടെ ചെയ്യണമെന്ന് ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നു.
'വിശക്കുന്നവർക്ക് ഭക്ഷണം നൽകുക. കാരണം നിങ്ങൾ അവർക്ക് ഭക്ഷണം നൽകിയില്ലെങ്കിൽ നിങ്ങൾ അവരെ കൊല്ലുകയാണ്' എന്ന് രണ്ടാം വത്തിക്കാൻ സൂനഹദോസിലെ 'സഭ ആധുനിക ലോകത്തിൽ' എന്ന പ്രമാണരേഖ നമ്മെ പഠിപ്പിക്കുന്നു.

ഒരു സഹോദരനോ സഹോദരിയോ ആവശ്യത്തിനു വസ്ത്രമോ, ഭക്ഷണമോ ഇല്ലാതെ കഴിയുമ്പോൾ, നിങ്ങളിൽ ആരെങ്കിലും ശരീരത്തിന് ആവശ്യമായവ അവർക്ക് കൊടുക്കാതെ സമാധാനത്തിൽ പോവുക; തീ കായുക, വിശപ്പടക്കുക എന്നൊക്കെ അവരോട് പറയുന്നുവെങ്കിൽ അതുകൊണ്ട് എന്തു പ്രയോജനം? (യാക്കോബ് 2/15-16). ജീവനില്ലാത്ത ശരീരം പോലെ, പ്രവർത്തികൾ ഇല്ലാത്ത വിശ്വാസം നിർജീവമാണ്. അതിനാൽ വിൻസൻറ് ഡി പോൾ പ്രവർത്തകരെ, പ്രവർത്തികൾ ഇല്ലാത്ത നിങ്ങളുടെ വിശ്വാസവും നിർജീവമാണ് എന്ന് മനസ്സിലാക്കി പ്രതിബദ്ധതയോടെ പ്രവർത്തിക്കാൻ ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നു.

1963 ഡിസംബർ എട്ടാം തീയതി സൂസൈപുരത്തിൽ ഒരു ശാഖയായി തുടങ്ങിയ വിൻസന്റ് ഡി പോൾ പ്രവർത്തനം 12-12-1997 ൽ തക്കല സെൻട്രൽ കൗൺസിൽ ആയി ഉയർത്തി 62 വർഷങ്ങളായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. 20-7-2025 ൽ മഞ്ചാലുമൂട്ടിൽ നടന്ന സെൻട്രൽ കൗൺസിൽ വാർഷിക ആഘോഷങ്ങളിൽ ഞാനും പങ്കുചേർന്ന് വിൻസെൻഷ്യൻ പ്രവർത്തനങ്ങളെക്കുറിച്ച് കേട്ടറിഞ്ഞു. ഈ പ്രവർത്തനങ്ങൾ ഇനിയും ആഴപ്പെടണം. അതിനായി നിങ്ങളുടെ എല്ലാവരുടെയും സഹകരണം അത്യാവശ്യമാണ്. ഉത്തരംകോട് ഓസ്സാനാം വിദ്യാഭ്യാസസ്ഥാപനത്തിലും, ആശാരിപള്ളം വാൻ (VAAN) കെട്ടിടത്തിലും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പദ്ധതികളിൽ പൂർണ്ണമായും എല്ലാവരും പങ്കെടുക്കാനും സഹകരിക്കാനും ഞാൻ നിങ്ങളെ ഓർമിപ്പിക്കുന്നു.

തക്കല സെൻട്രൽ കൗൺസിൽ നടപ്പാക്കുന്ന വിദ്യാഭ്യാസ സഹായ പദ്ധതി, ജി പി വായ്പാ പദ്ധതി, സ്വയംതൊഴിൽ വായ്പാ പദ്ധതി എന്നിവയുടെ വേഗത്തിലുള്ള നടത്തിപ്പിന് സഹകരിക്കണമെന്ന് ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നു. എല്ലാവർഷവും ഒക്ടോബർ രണ്ടാം തീയതി 'നാടിനുവേണ്ടി ഒരുനാൾ' എന്ന പ്രമേയത്തിൽ നിങ്ങൾ ചെയ്തുവരുന്ന ശുചീകരണ പ്രവർത്തനങ്ങൾ ഈ വർഷം കുലശേഖരം ഗവൺമെൻറ് ആശുപത്രിയിൽ നടത്താൻ തീരുമാനിച്ചിരിക്കുന്നത് അറിയിക്കുകയും ഒപ്പം എല്ലാവരും ഈ യജ്ഞത്തിൽ പങ്കുചേരുവാൻ ആഹ്വാനം ചെയ്യുകയും ചെയ്യുന്നു.

തക്കല രൂപതയുടെ വിസ്തൃതമാക്കപ്പെട്ട മിഷൻ മേഖലകളിൽ തങ്ങളുടെ പ്രവർത്തനങ്ങൾ നടത്താനും, പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യുവാനും വിൻസൻറ് ഡി പോൾ പ്രവർത്തകർ കൂടുതൽ ശ്രമിക്കേണ്ടതായിട്ടുണ്ട്. ഈ കാലഘട്ടത്തിൽ നിങ്ങളുടെ സംഘടനയിലേക്ക് പുതിയ അംഗങ്ങളെ ചേർക്കേണ്ടത് അത്യാവശ്യമാണെന്ന തിരിച്ചറിയൽ ഉണ്ടാകണം. പ്രത്യേകിച്ച് യുവാക്കളെ വിൻസെൻഷ്യൻ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തണം. വിദേശസഹായം കുറഞ്ഞുവരുന്ന ഈ കാലഘട്ടത്തിൽ പ്രാദേശിക സംഭാവനകൾ ശേഖരിക്കുന്നതിൽ കൂടുതൽ ശ്രദ്ധ ചെലുത്തണം. നിങ്ങളുടെ ആത്മീയ ഉപദേഷ്ടാവായ ഇടവക വികാരിമാരുടെ മാർഗനിർദേശങ്ങൾക്ക് വിൻസെൻഷ്യൻ പ്രവർത്തകർ കൂടുതൽ പ്രാധാന്യം നൽകണം. ഈ സംഘടനയുടെ മധ്യസ്ഥന്റെ തിരുനാൾ ദേവാലയത്തിൽ ആഘോഷിക്കുന്ന ഇന്നത്തെ ദിവസത്തിലെ സ്തോത്രക്കാഴ്ച ഇടവക വികാരിമാരിൽ നിന്ന് സ്വീകരിച്ച് സംഘടനയുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കണമെന്ന് ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നു.

ഓരോ ഇടവകയിലും സംഘടനയുടെ പ്രവർത്തനം ഊർജ്ജസ്വലമായി നടക്കണമെങ്കിൽ ഇടവക വികാരിമാരുടെ ഉപദേശവും മാർഗ്ഗനിർദ്ദേശവും അംഗങ്ങൾ സ്വീകരിക്കേണ്ടത് അത്യാവശ്യമാണെന്ന് ഞാൻ നിങ്ങളെ ഒരിക്കൽക്കൂടി ഓർമിപ്പിക്കട്ടെ. ഓരോ അംഗവും സഭയ്ക്കും, സമൂഹത്തിനും ഉപ്പായി മാറാൻ ശ്രദ്ധിക്കണം. നിങ്ങളുടെ ഓരോരുത്തരുടെയും പ്രവർത്തനങ്ങളുടെ വിജയത്തിനായി ഞാൻ എൻറെ ആശംസകളും പ്രാർത്ഥനകളും നേരുന്നു. ദൈവരാജ്യം കെട്ടിപ്പടുക്കാൻ പ്രത്യാശയുടെ തീർഥാടകരായി നമുക്ക് ഒരുമിച്ചു സഞ്ചരിക്കാം.
ദൈവം നിങ്ങളെയും നിങ്ങളുടെ കുടുംബങ്ങളെയും എല്ലാ പരിശ്രമങ്ങളെയും പൂർണമായി അനുഗ്രഹിക്കട്ടെ.

ഈശോമിശിഹായിൽ സ്നേഹപൂർവ്വം

Bishops House
19.09.2025

BISHOP GEORGE RAJENDRAN sdb
Diocese of Thuckalay

മാർ ജോർജ് രാജേന്ദ്രൻ
തക്കല രൂപതയുടെ മെത്രാൻ

NB: ഈ സർക്കുലർ 2025 സെപ്റ്റംബർ 28 ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കണം.